സി.ജി (2) 43845/15.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 19.8.2016.

**സർക്കുലർ നമ്പർ.30/2016.**

വിഷയം. സഹകരണ വകുപ്പ്– കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ രോഗികളുടെ ചികിത്സാർത്ഥം എടുത്തിട്ടുള്ള കടങ്ങൾക്കുമേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് മൂന്ന് മാസത്തേക്ക് മൊറട്ടോറിയം അനുവദിച്ച്–മാർഗ്ഗനിർദ്ദേശം –നൽകുന്നത് സംബന്ധിച്ച്.

സൂചന.1. 29.7.2016–ലെ സ.ഉ (എം.എസ്) 429/16/റവ./നം. ഉത്തരവ് (റവന്യൂ വകുപ്പ്)
2. സർക്കാരിന്റെ (സഹ.വകുപ്പ്) 5.8.16–ലെ പി.എസ്.1–309/16/സഹ.നം.കത്ത്.

.........

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾ ചികിത്സാർത്ഥം വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 27.7.2016–മുതൽ മൂന്നു മാസത്തേക്ക് മൊറട്ടോറിയം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾ ചികിത്സാർത്ഥം സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിയിട്ടുള്ള വായ്പകളിൻമേൽ തുടങ്ങി വച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ 27.07.2016 മുതൽ മൂന്ന് മാസത്തേക്ക് നിർത്തി വയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി കൊണ്ടു വരേണ്ടതാണ്.

(ഒപ്പ്),
എസ്.ലളിതാംബിക ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസർഗോഡ്.
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കാസർഗോഡ്.
3. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്/
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
   കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ ബാങ്ക്/
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
5. ജനറൽ മാനേജർ,
   കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്.
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
   ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസർഗോഡ് മുഖേന.
7. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) കാസർഗോഡ് മുഖേന.

പകർപ്പ്

1. എഡിറ്റർ –സഹകരണ വീഥി/സഹകരണ ജേർണൽ.
2. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
3. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)